കളിലൂടെ അവർ ബസ്സ് ഓടിച്ച് കാശ് അവർ വാങ്ങിപ്പോകും. സ്വാഭാവിക മായും തീർത്ഥാടകർക്ക് വേണ്ടത്ര സൗകര്യമൊരുക്കിക്കൊടുക്കുന്നതിന് നമ്മൾ താൽപ്പര്യം എടുത്തില്ല എന്ന ആക്ഷേപമുണ്ടാകാനിടയുണ്ടെങ്കിലും നമ്മൾ അതിന് തയ്യാറായില്ല. ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച കാര്യം ഗൗരവമായി കണക്കിലെടുക്കുന്നതാണ്. കരാറിൽ തന്നെ അപാകത യുണ്ടോ എന്നു പരിശോധിക്കുന്നതാണ്. കരാർ നടപ്പിലാക്കുന്ന രംഗത്തും അപാകതകളുണ്ടോ എന്നു പരിശോധിക്കുന്നതാണ്.

(14) 'കാഡ്' പദ്ധതിപ്രകാരം നൽകിക്കൊണ്ടിരുന്ന ആനുകൂല്യങ്ങൾ നിർത്തലാക്കിയതു സംബന്ധിച്ച്

ശ്രീ. ലോനപ്പൻ നമ്പാടൻ : സർ, തൃശ്ശൂർ ജില്ലയിൽ ഇറിഗേഷൻപദ്ധതി പ്രദേശങ്ങളിൽ കൃഷിക്കാർക്ക് 'കാഡ്' പദ്ധതി പ്രകാരം നൽകിക്കൊണ്ടിരുന്ന ആനുകൂല്യങ്ങളെല്ലാം ഇപ്പോൾ നിർത്തലാക്കിയതുമൂലം, ആയിരക്കണക്കിന് കൃഷിക്കാർ വളരെയേറെ ബുദ്ധിമുട്ടുകളനുഭവിക്കുകയാണ്. ഏത്തവാഴക്കൃഷി ക്കാർക്ക് വാഴ ഒന്നിന് പത്തുരൂപാ വീതം സബ്സിഡി നൽകിയിരുന്നത് നിർത്തലാക്കിയിരിക്കുകയാണ്. സബ്സിഡി പ്രതീക്ഷിച്ച് കൃഷിക്കാർ ബാങ്കു കളിൽ നിന്നും സ്വകാര്യധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ വാങ്ങി യാണ് കൃഷി ഇറക്കിയിട്ടുള്ളത്. ചാലക്കുടി ഇറിഗേഷൻ പദ്ധതിപ്രദേശങ്ങ ളിൽമാത്രം 15 ലക്ഷത്തോളം ഏത്തവാഴക്കൃഷി ചെയ്തിട്ടുണ്ട്. മുൻ വർഷങ്ങ ളിലെപ്പോലെ കൃഷിക്കാരുടെ വാഴകളെല്ലാം എണ്ണി തിട്ടപ്പെടുത്തി പത്തു രൂപാ വീതം സബ്സിഡി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. ഇക്കാര്യത്തിൽ ബഹു മാനപ്പെട്ട ജലസേചനവകുപ്പുമന്ത്രിയും കൃഷിവകുപ്പുമന്ത്രിയും മുൻകൈ എടുത്ത്, കൃഷിക്കാരെ രക്ഷിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണ പിള്ള): സർ, തൃശൂർ ജില്ലയിൽ കമാൻഡ് ഏരിയാ വികസന അതോറിറ്റിയുടെ പരിധിയിൽവരുന്ന ജലസേചന പ്രദേശങ്ങളിൽ വാഴക്കൃഷി പ്രദർശനത്തോട്ട ങ്ങൾ നടത്താറുണ്ട്. നേരത്തെ നടന്നുകൊണ്ടിരുന്നതാണിത്. പ്രദർശനത്തോട്ട ങ്ങളിലെ കൃഷിക്കാർ ചെലവാക്കുന്ന ഉൽപ്പാദന ഉപാധികളുടെ വിലയുടെ 50 ശതമാനം ധനസഹായമായി നൽകിയിട്ടുണ്ട്. ഒരു വാഴയ്ക്ക് ഏകദേശം അഞ്ചു രൂപ ധനസഹായം വളം, കീടനാശിനി എന്നിവയ്ക്കുള്ള പെർമി റ്റിൻമേൽ നൽകിവരുന്നു. വാഴയ്ക്ക് ജൈവവളം, കുമ്മായം എന്നിവ വാങ്ങു മ്പോൾ ചെലവുവരുന്ന തുകയുടെ 50 ശതമാനം, ഏകദേശം അഞ്ചു രൂപ പണമായി കൃഷിക്കാർക്ക് നൽകിവരുന്നു. അങ്ങനെ ഏകദേശം പത്തുരൂപ യുടെ പ്രയോജനം കൃഷിക്കാർക്ക് ലഭിച്ചുവരുന്നു. 1999-2000 വർഷങ്ങളിൽ ബഡ്ജറ്റ് വിഹിതം ഇല്ലാത്തതുകൊണ്ട് ഫണ്ട് അപര്യാപ്തതമൂലം വാഴ കൃഷിക്കാർക്ക് ധനസഹായം നൽകാൻ കഴിയില്ല.

(15) തിരുനെല്ലി, തവിഞ്ഞാൽ, കൊട്ടിയൂർ പഞ്ചായത്ത് പ്രദേശങ്ങ ളിലെ കാട്ടാനശല്യം

ശ്രീമതി രാധാ രാഘവൻ : സർ, എന്റെ നിയോജകമണ്ഡലത്തിലെ തിരുനെല്ലി പഞ്ചായത്തിലും തവിഞ്ഞാൽ പഞ്ചായത്തിലും കൊട്ടിയൂർ പഞ്ചാ യത്തിലും കാട്ടാനശല്യം വളരെ രൂക്ഷമാണ്. തോൽപ്പെട്ടി, അപ്പപ്പാറ, ഈ

LIBRARY ARCHIVES Kerala Legislative Assembly

പ്രദേശങ്ങളിൽ താമസിക്കുന്ന നിരവധി കുടിയേറ്റ കർഷകരുടെയും ആദിവാസികളുടെയും കൃഷി മുഴുവനായും കാട്ടാനകൾ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇവർക്ക് വളരെയധികം സാമ്പത്തികനഷ്ടം സംഭവിച്ചു കഴിഞ്ഞു. വളരെയധികം വീടുകൾ കാട്ടാനകൾ നശിപ്പിച്ചുകഴിഞ്ഞു. തവിഞ്ഞാൾ പഞ്ചായത്തിലെ ചന്ദനത്തോട്, മുപ്പത്തിയെട്ടാം മൈൽ പെരിയ ബോയിസ് ഠൗൺ എന്നിവിടങ്ങളിലും കാട്ടാനശല്യം വളരെയധികമാണ്. കൊട്ടിയൂർ പഞ്ചായത്തിലെ പന്നിയമ്മല, അമ്പായത്തോട്, പാൽച്ചുരം പ്രദേശങ്ങളിലാണ് നിരന്തരമായി കാട്ടാനയുടെ ശല്യമുണ്ടായിക്കൊണ്ടിരിക്കുന്നത്. ഇവിടെയുള്ള കൃഷിസ്ഥലങ്ങളിൽ കാട്ടാന കൂട്ടമായി ഇറങ്ങി വൻതോതിൽ കൃഷിനാശം വരുത്തുന്നു. കാട്ടാന ശല്യത്തിന് പരിഹാരമുണ്ടാക്കാൻ വിവിധ പദ്ധതികൾ നിലവിലുണ്ടെങ്കിലും അവ പൂർത്തീകരിക്കാത്തതുകൊണ്ടും പ്രാവർത്തികമാക്കാത്തതുകൊണ്ടുമാണ് ഈ പ്രദേശങ്ങളിലുള്ള ജനങ്ങൾക്ക് ദുരിതമനുഭവിക്കേണ്ടിവരുന്നത്. വനംവകുപ്പ് കുഴിച്ച കിടങ്ങുകൾ പൂർത്തീകരിക്കുകയും തോൽപ്പെട്ടി വൈൽഡ് ലൈഫ് റെയിഞ്ചിലും ബേപ്പൂർ ടെറിട്ടോറിയൽ റെയിഞ്ചിലുംപെട്ട തിരുനെല്ലി, കരണപ്പാറ, തോൽപ്പെട്ടി തുടങ്ങിയ സ്ഥലങ്ങളിലെ കിടങ്ങുകൾ ഫെൻസിംഗ് ജോലികൾ നടത്തി പൂർത്തീകരിക്കുകയും വേണം. ട്രെഞ്ചുകൾ കുഴിക്കുമ്പോൾ പാറയുള്ള സ്ഥലം ഒഴിവാക്കുമ്പോൾ ആനകൾ അതിലൂടെ വന്ന് കൃഷിസ്ഥലം നശിപ്പിക്കുന്നതിനാൽ പാറയും ചതുപ്പുനിലങ്ങളും ഒഴിവാക്കാതെ ആ സ്ഥലങ്ങൾകൂടി ട്രെഞ്ച് നിർമ്മിക്കണമെന്ന് ആവശ്യപ്പെടുന്നു. കൂടാതെ കാട്ടാന ജീവനും സ്വത്തിനും നാശം വരുത്തുംമ്പോൾ സർക്കാർ മതിയായ നഷ്ടപരിഹാരം നൽകുന്നതോടൊപ്പം കാട്ടാനശല്യം ശാശ്വതമായി പരിഹരിക്കുന്നതിനും അടിയന്തിരനടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) : സർ, വയനാട് ജില്ലയിലെ തിരുനെല്ലി, തവിഞ്ഞാൽ, കൊട്ടിയൂർ പ്രദേശങ്ങളിൽ കാട്ടാനശല്യം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സ്ഥലങ്ങളിൽ വനാതിർത്തിക്കുള്ളിൽത്തന്നെ വന്യജീവികളെ തടഞ്ഞുനിർത്തുന്നതിനുതകുന്ന വിധത്തിൽ വനപ്രദേശങ്ങൾ, കിടങ്ങുകൾ, വൈദ്യുത കമ്പിവേലികൾ, കയ്യാലകൾ, കൽമതിലുകൾ മുതലായവ നിർമ്മിച്ച് അവയെ തടഞ്ഞ് വേനൽക്കാലത്ത് വന്യജീവികൾക്ക് വനത്തിനുള്ളിൽ തന്നെ കുടിവെള്ളം, തീറ്റപ്പുൽ മുതലായവ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വന്യജീവികളിൽനിന്ന് ആക്രമണമുണ്ടാകുന്ന സന്ദർഭങ്ങളിൽ നിയമാനുസൃതമായ നഷ്ടപരിഹാരവും നൽകിവരുന്നുണ്ട്. ഈ മേഖലയിൽ വനാതിർത്തിയിൽ ഇതുവരെ 56 കിലോമീറ്റർ ദൂരം വൈദ്യുതി കമ്പിവേലി നിർമ്മിക്കുകയും 7.5 കിലോമീറ്റർ ദൂരം കിടങ്ങുകൾ കുഴിക്കുകയും ചെയ്തിട്ടുണ്ട്. വന്യജീവികളിൽനിന്ന് ആക്രമണം അനുവദിക്കേണ്ടിവന്ന കേസ്സുകളിൽ നഷ്ടപരിഹാരത്തുകയായി 4,02,675 രൂപ നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച മറ്റു പ്രശ്നങ്ങളും പ്രത്യേകിച്ച് പരിശോധനയ്ക്ക് വിധേയമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(16) കോഴിക്കോട് ജില്ലയിലെ കവണക്കല്ല് റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം

മി. സ്പീക്കർ : ഇന്നലെയുള്ള സബ്മിഷനാണ്.

LIBRARY ARCHIVES Kerala Legislative Assembly